# പ്രവാചകസ്നേഹം അനുസരണത്തിലൂടെ

കബീർ എം. പറളി

അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കുക എന്നത് സത്യവിശ്വാസികൾക്കുള്ള ആനന്ദമാണ്. അലസമായ ജീവിതത്തിൽനിന്ന് ലക്ഷ്യവീഥിയിലേക്ക് കരകയറ്റിയതും, നരകാഗ്നിയുടെ തെല്ലിൽനിന്ന് സ്വർഗവഴിയേ നടത്തിയതും അവിടുന്നായതു കൊണ്ടാണത്. പ്രവാചകൻ ലോകജനതക്ക് കാരുണ്യമായി ഭവിച്ചത് അപ്രകാരമാണ്. എത്രയോ ക്ലേശങ്ങൾ ആ മാർഗത്തിൽ അവിടുന്ന് സഹിച്ചിട്ടുണ്ട്. അല്ലാഹുവിൽനിന്ന് ലഭിച്ച പ്രവാചകത്വത്തിന്റെ ഉത്തരവാദിത്തം നിർവഹിക്കാൻ കല്ലും മുള്ളും നിറഞ്ഞ പാത തിരുമേനി(സ്വ)ക്ക് ഒരുനാളും ദുർഘടമായി തോന്നിയിരുന്നില്ല. മനുഷ്യസഞ്ചയത്തെ വഴികേടിൽ നിന്ന് രക്ഷപ്പെടുത്താൻ, അല്ലാഹു നൽകിയ ദൃഷ്ടാന്തങ്ങൾ സഹനപൂർവം പഠിപ്പിക്കുകയായിരുന്നു അവിടുന്ന്. പ്രബോധിതരുടെ ശാഠ്യങ്ങളെ പരിഗണിക്കാതെയുള്ള തിരുമേനിയുടെ ശ്രമം സംസ്കൃതമായ ഒരു തലമുറയുടെ പിറവിക്ക് കാരണമായിത്തീർന്നു. മനുഷ്യകുലത്തിന് പടച്ച തമ്പുരാനിൽ നിന്നും ലഭിച്ച മഹത്തായ അനുഗ്രഹമായിരുന്നു അത്. അല്ലാഹു പറഞ്ഞു:

‘‘തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപ്പിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു.’’ (ആലുഇംറാൻ: 164)

നമ്മോട് കരുണയും ദയയും നിറഞ്ഞ മനസ്സായിരുന്നു പ്രവാചക തിരുമേനിയുടേത്. നമ്മുടെ നന്മയായിരുന്നു അവിടുത്തെ ആഹ്ലാദം. ഈയാംപാറ്റകളെപ്പോലെ നരകത്തിലേക്കടുക്കുന്ന ആരുടെ കാര്യത്തിലും പ്രവാചകന് വേദനയായിരുന്നു. അല്ലാഹു പറഞ്ഞില്ലെ:

‘‘തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം.’’ (തൗബ:128)

വിശുദ്ധ ഇസ്ലാം നബി(സ്വ)യിലൂടെ സമ്പൂർണ്ണമായിത്തീർന്നു. കേവലം ഇരുപത്തിമൂന്ന് വർഷക്കാലം കൊണ്ട്, അവസാനകാലംവരെയുള്ള മനുഷ്യസമൂഹത്തിനാവശ്യമായ മുഴുവൻ കാര്യങ്ങളും തിരുനബി (സ്വ) സ്വന്തം ജീവിതം കൊണ്ട് പഠിപ്പിച്ചുതന്നു. വിശുദ്ധ ഖുർആൻ മുന്നിൽ വെച്ചുകൊണ്ടുള്ള ആ അധ്യാപനം, അവിടുത്തെ സച്ചരിതരായ സ്വഹാബത്ത് കറപുരളാതെ നമുക്ക് കൈമാറിത്തരികയും ചെയ്തു. പ്രവാചകനിൽ നിന്ന് കണ്ടതും കേട്ടതുമായ സകല സംഗതികളും ജീവിതത്തിന്റെ ഓരോ കണികയിലും പകർത്താൻ ശ്രദ്ധകാണിച്ച അവർക്ക് അത് ഉത്തരവാദിത്തത്തോടെ ചെയ്യാൻ കഴിയുമായിരുന്നൂ എന്നതാണ് സത്യം.

സച്ചരിതരായ സ്വഹാബികൾ പ്രവാചകതിരുമേനി(സ്വ)യെ എത്രമേൽ സ്നേഹിച്ചിരുന്നുവെന്നോ! അദ്ദേഹത്തെ അവരെത്രമാത്രം കൃത്യതയോടെ അനുസരിച്ചിരുന്നുവെന്നൊ! അല്ലാഹുവിന്റെ പരമമായ പ്രീതിയും ജീവിതത്തിൽ സംഭവിച്ചുപോയ പാപകർമ്മങ്ങൾക്കുള്ള വിട്ടുവീഴ്ചയും കൊതിക്കുന്ന ആർക്കും ആ മഹാദേഹത്തെ സ്നേഹിക്കാതിരിക്കാൻ, അനുസരിക്കാതിരിക്കാൻ സാധ്യമല്ല. അല്ലാഹു വ്യക്തമാക്കിയതാണത്:

(‘‘നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു

തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയു മത്രെ.'' (ആലുഇംറാൻ: 34)

പ്രവാചകസ്നേഹം മുസ്‌ലിമിന്റെ വിശ്വാസത്തിന്റെ ഭാഗമാണ്. അതില്ലാത്തവന്ന് മുഅ്മിനാവുക അസാധ്യമാണ്. ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും തിരുമേനി(സ്വ)യെ ചോദ്യം ചെയ്യാതെ പിന്തുടരുമ്പോഴാണ് പ്രവാചകസ്നേഹം അർഥവത്തായിത്തീരുക. സ്വഹാബത്ത് അങ്ങനെയാ യിരുന്നു നബി(സ്വ)യെ സ്നേഹിച്ചത്. അദ്ദേഹം പഠിപ്പിച്ച വിശ്വാസങ്ങളും ആരാധനാരീതികളും കലവറയില്ലാതെ അവരുൾക്കൊണ്ടു. തങ്ങളുടെ തന്നിഷ്ടങ്ങൾക്കോ, താത്പര്യങ്ങൾക്കൊ അക്കാര്യങ്ങളിലൊന്നിലും അവരിടം നൽകിയില്ല. അദ്ദേഹം പറഞ്ഞിടത്ത് അവർ കയറിനിന്നു. നിഷിദ്ധങ്ങളിൽ നിന്നും മടിയേതുമില്ലാതെ മാറിനിൽക്കുകയും ചെയ്തു. ''നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക.'' (ഹശ്ർ: 7) എന്ന ദൈവികോപദേശം കൃത്യമായും പാലിച്ചവരാ യിരുന്നു സ്വഹാബികൾ മുഴുവൻ.

പ്രവാചകനെ സ്നേഹിക്കാൻ കുറുക്കുവഴികൾ സൃഷ്ടിച്ചവരല്ല നമ്മുടെ മുൻഗാമികൾ. ''എന്റെ ആത്മാവ് ആരുടെ കയ്യിലാണൊ, ആ നാഥനെത്തന്നെ സത്യം; സ്വന്തം മാതാപിതാക്കളേക്കാൾ, മക്കളേക്കാൾ, മുഴുവൻ ജനങ്ങളേക്കാൾ ഞാൻ പ്രിയങ്കരനാകുവോളം ഒരാൾക്കും മുഅ്മിനാ വുക സാധ്യമല്ല'' (ബുഖാരി) എന്ന നബിവചനം അക്ഷരാർഥത്തിലുൾക്കൊണ്ട വരാണ് അവർ. ആരേക്കളും നബി(സ്വ)യോടാണ് തങ്ങൾക്ക് പ്രിയം എന്ന് കാണിക്കാൻ, വിശുദ്ധദീനിൽ ഒരു പുതിയ വിശ്വാസവും അവരുണ്ടാക്കിയില്ല. ഒരു പുതിയ ആരാധനയും ആചാരവും അവർ വാർത്തെടുത്തില്ല. 'നമ്മുടെ കല്പനയില്ലാത്ത ഒരു കാര്യം ആരൊരാൾ ചെയ്താലും അത് തള്ളപ്പെടേണ്ടതാണ്' (മുസ്ലിം), 'നമ്മുടെ ഈ ദീൻ കാര്യത്തിൽ അതിലില്ലാത്ത പുതിയൊരു കാര്യം ആരുണ്ടാക്കിയാലും അത് റദ്ദാണ്' (ബുഖാരി) തുടങ്ങിയ താക്കീതുകൾ നബി(സ്വ) യിൽനിന്ന് പഠിച്ച അവർക്ക് അത്തരം പുതുനിർമ്മിതികളുണ്ടാക്കാൻ കഴിയുമായിരുന്നില്ല. അല്ലെങ്കിലും, പ്രവാചകനോടുള്ള സ്നേഹപ്രകടനത്തിന്, ആ പ്രവാചകൻതന്നെ പഠിപ്പിച്ച അധ്യാപനങ്ങൾ എമ്പാടുമുണ്ടായിരിക്കെ പുതിയവയുണ്ടാക്കേ ണ്ടതിന്റെ ആവശ്യമെന്ത്?

പക്ഷെ, കാലം മാറിയപ്പോൾ സമുദായത്തെ നേർവഴിക്കു നയിക്കേണ്ടവർ പ്രവാചകമൊഴികളെ കാറ്റിൽ പറത്തുന്നതാണ് കാണാനാകുന്നത്. പണ്ഡിതന്മാരെന്ന് അറിയപ്പെടുന്നവർ നബിയോ ടുള്ള സ്നേഹം ബാഹ്യചടങ്ങുകളിൽ തളച്ചിടുകയാണ്. നബി(സ്വ)ക്കൊ, സഹാബത്തിനൊ, അവരെ നന്മയിൽ പിന്തുടർന്ന നല്ല തലമുറക്കൊ പരിചയമില്ലാത്ത ബാഹ്യചടങ്ങുകൾ! അവർക്കതിന് മാതൃക ജൂത-ക്രൈസ്തവരാണ്. ചാണിനു ചാണായി, മുഴത്തിനു മുഴമായി അവരുടെ പിറകെയാണ് മുസ്‌ലിം ഉമ്മത്തിലെ ചില പണ്ഡിതന്മാരും അവരെ കേൾക്കുന്ന പൊതുജനവും!!

റബീഉൽ അവ്വൽ പിറന്നാൽ നബി(സ്വ)യുടെ ജന്മദിനം സാഘോഷം കൊണ്ടാടുക എന്നതാണ് ഇന്നത്തെ സാധാരണ മുസ്‌ലിമിന്റെ നബിസ്നേഹം. നിരത്തിലിറങ്ങി ജാഥനയിച്ചും, പള്ളിയങ്ക ണങ്ങളിൽ കൊടിതോരണങ്ങൾ തൂക്കിയും, പോത്തിനെയറുത്ത് സദ്യനടത്തിയും പ്രവാചക സ്നേഹത്തിന് മാറ്റു കൂട്ടുന്നവർ ഇസ്‌ലാമിന്റെ ഏത് പ്രമാണത്തെയാണ് പ്രയോഗവത്കരി ക്കുന്നത്?! നബിജയന്തിക്കാർക്ക് ന്യായങ്ങളില്ല, ന്യായീകരണങ്ങളേയുള്ളൂ. പ്രവാചകസ്നേഹ ത്തിൽ ആദ്യമൂന്ന് തലമുറയേക്കാൾ മികച്ചു നിൽക്കാനുള്ള വ്യഗ്രതയിലാണവർ. 'നിങ്ങൾ പുത്തനാചാരങ്ങളെ കരുതിയിരിക്കുക, തീർച്ചയായും പുത്തനാചാരങ്ങൾ വഴികേടാണ്' (അഹ്മദ്), 'എല്ലാ ബിദ്അത്തുകളും വഴികേടാണ്, എല്ലാ വഴികേടുകളും നരകത്തിലാണ്' (നസാഈ) തുടങ്ങിയ പ്രവാചകന്റെ കണിശമായ താക്കീതുകൾ ഒരു നിലക്കും ഇവരെ ബാധിച്ചിട്ടേയില്ല! അല്ലാഹുൽ മുസ്തആൻ!

തങ്ങൾ കൊണ്ടാടുന്ന നബിജന്മദിനാഘോഷമെന്ന ആരാധനക്ക് പ്രവാചകന്റെ മാതൃകയില്ലെന്ന് അതിന്റെ പ്രചാരകർക്കറിയാം. അതുകൊണ്ടാണല്ലൊ ഇത്തരമൊരാഘോഷം സ്വഹാബത്തിന് ആഘോഷിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലെന്ന് അവർ തന്നെ തങ്ങളുടെ പ്രസിദ്ധീകരണങ്ങളി ലെഴുതിയത്! പ്രവാചകതിരുമുഖത്ത്നിന്ന് ദീൻ പഠിച്ച സ്വഹാബത്തിന്റെ അറിവിലില്ലാതിരുന്ന, സ്വർഗപ്രവേശനത്തിന് അവർക്കാവശ്യമില്ലാതിരുന്ന ഒരു കർമ്മം നമുക്കെന്തിന് എന്നാലോചി ക്കാൻ സമുദായ മക്കൾക്ക് ബുദ്ധിയുദിക്കുന്നത് ഇനി എപ്പോഴാണ്? നബി(സ്വ)യോടുള്ള ഈ കൊടിയേന്തിയ കോലാഹലസ്നേഹം അവസാനിപ്പിക്കാനും, തിരുമേനി(സ്വ) വിട്ടേച്ചുപോയ

ഖുർആനിലും സുന്നത്തിലും വ്യക്തമാക്കപ്പെട്ട ആരാധനകളും അനുഷ്ഠാനമുറകളും കഴിയുന്നത്ര മുറുകെപ്പിടിച്ച് ജീവിക്കാനും എന്നാണവർക്ക് സാധിക്കുക? ഈ ഉമ്മത്തിന്റെ പരലോക നന്മക്കുതകുന്ന സുന്നത്തുകൾ പഠിപ്പിച്ചും, അവരെ നരകാഗ്നി യിലേക്കെത്തിക്കുന്ന ബിദ്ത്തുകളുടെ ഗൗരവത്തെപ്പറ്റി ഉദ്ബോധിപ്പിച്ചും നിലകൊള്ളാൻ സമുദായത്തിലെ ഉലമാക്കൾക്കെന്നാണ് ഉൾവിളിയുണ്ടാവുക?!

നബിജന്മദിനാഘോഷമെന്ന ശുദ്ധ ബിദ്അത്തിനെ എതിർക്കുന്നവരോടുള്ള വാശിയാണ് ദൈവികശിക്ഷാർഹമായ ഈ പ്രകടനപരതക്ക് പലരേയും പ്രേരിപ്പിക്കുന്നത്. ഒരുപറ്റം പണ്ഡിതരുടെ പിൻബലവുമവർക്കുണ്ട്. വാശിയും, പിൻബലവും ഒരു നിലക്കും ഉപകരിക്കാത്ത വിചാരണാ നാളിനെ ഭയപ്പെടാനാകുമെങ്കിലേ പ്രാമാണികമല്ലാത്ത ഈ ദുരാചാരത്തിൽനിന്ന് രക്ഷപ്പെടാൻ യാതൊരാൾക്കും സാധ്യമാകൂ. മുത്തു റസൂലിനെ സമ്പത്തും ശരീരവും നൽകി സ്നേഹിച്ച സ്വഹാബികൾ പരലോകത്തെത്തുമ്പോൾ, ജന്മദിനാഘോഷത്തിന്റെ കൊടിപിടിച്ചു തഴമ്പിച്ച കൈകളവർക്കുണ്ടാകില്ല; മൗലായ പാടിത്തളർന്ന നാവുകളവർക്കുണ്ടാകില്ല; നേർച്ചച്ചോറിന്റെ രുചിയറിഞ്ഞ വയറുകളവർക്കുണ്ടാകില്ല! അവർക്കിടയിൽ ഈ ബിദ്അത്തിന്റെ കർമ്മഭാണ്ഡവുമായി ചേർന്നു നിൽക്കാൻ നമുക്കേതും നാണമുണ്ടാ കില്ലെന്നൊ?!

പണ്ഡിതന്മാരേ, നാമേറെ സ്നേഹിക്കുന്ന പ്രവാചകനോടുള്ള ഉത്തരവാദിത്തം പ്രാമാണികമായി നിങ്ങൾ നിർവഹിക്കുക. സമൂഹത്തിന് അജ്ഞാതമായിക്കിടക്കുന്ന, അല്ലെങ്കിൽ അവരുടെ ജീവിതത്തിൽ ഇനിയും പ്രാവർത്തികമാക്കിയിട്ടില്ലാത്ത നൂറുക്കണക്കിന് സുന്നത്തുകൾ അവരെ പഠിപ്പിക്കാൻ നമുക്കാകും. അല്ലാഹുവിന്റെ റസൂലിനെ അനുസരിച്ചു കൊണ്ടുള്ള സ്നേഹപ്രകടനത്തിന് മുസ്‌ലീം സാമാന്യത്തെ സജ്ജരാക്കാനും നമുക്കാകും. അവർ ഖുർആനിലേക്കും സുന്നത്തിലേക്കും മടിയില്ലാതെ കടന്നുവരട്ടെ. പ്രവാചകൻ പഠിപ്പിച്ച ചെറുതും വലുതുമായ ആരാധനാ കർമ്മങ്ങളിൽ അവർ നിരതരാകട്ടെ. അവമുഖേന സ്വർഗപ്രവേശനത്തിന്, അവിടെ റസൂലിന്റെ സാമീപ്യത്തിന് അവർക്ക് സാധിതമാകട്ടെ. നമ്മൾ നയിക്കുന്നിടത്തേക്ക് വരാൻ സാമാന്യമുസ്‌ലിം ജനത തയ്യാറാണ്. എങ്കിൽ അവരെ വിശുദ്ധഖുർആനിലേക്കും തിരുസുന്നത്തിലേക്കും നയിക്കലല്ലെ ബുദ്ധി? അതല്ലെ നമ്മുടെ പരലോക വിജയത്തിനും നല്ലത്?

അല്ലാഹുവിന്റെ ഒരു വചനം കാണുക. ഭീഷണിപ്പെടുത്താനല്ല; ഭീഷണമായ പരലോകാന്തരീക്ഷത്തിൽ അല്ലാഹുവിൽനിന്ന് ആശ്വാസം ലഭിക്കുന്നവരിലുൾപ്പെടാൻ ഇപ്പോൾ തന്നെ പ്രവൃത്തി തുടങ്ങാൻ.

‘‘തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!’’ (നിസാഅ്: 115)

നബിജന്മദിനാഘോഷം പ്രവാചകചര്യയല്ല; അത് ചെയ്തുകൊണ്ട് ദൈവദൂതനുമായി എതിർത്തുനിൽക്കാൻ ധൈര്യംകാട്ടാതിരിക്കുന്നതാണ് വിനയം. നബിജന്മദിനാഘോഷം സച്ചരിതരായ സ്വഹാബത്തിന്റെ മാർഗമല്ല; സത്യവിശ്വാസികളുടെതല്ലാത്ത ആ മാർഗം പിന്തുടർന്ന് കൊണ്ട് ഏറ്റവും മോശമായ പര്യവസാനത്തിലകപ്പെടാതിരിക്കാൻ ശ്രമിക്കലാണ് നമ്മുടെ ഈമാനിന്റെ തേട്ടം.